# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161. 16.06.2014 ൽ മറുപടിയ്ക്ക്

### സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സംവിധാനം

| ചോദ്യം<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>,, വർക്കല കഹാർ<br>,, എം.എ. വാഹീദ്<br>,, ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അമിത വേഗത്തിലും അലക്ഷ്യമായും വാഹനം ഓടിക്കുന്നവരെ പിടികൂടാനുള്ള സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. അമിതവേഗത്തിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുന്നതിനായി ചേർത്തല മുതൽ മണ്ണുത്തി വരെ കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹകരണത്തോടെ നിരീക്ഷണക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. രണ്ടു ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കിയത്. ആദ്യഘട്ടത്തിൽ ചേർത്തല മുതൽ എറണാകുളം വരെയും രണ്ടാം ഘട്ടത്തിൽ എറണാകുളം മുതൽ മണ്ണുത്തി വരേയും. എറണാകുളം ഡി.റ്റി.സി. യുടെ കീഴിലാണ് ഇതിന്റെ കൺട്രോൾ റൂം സ്ഥാപിച്ചിട്ടുള്ളത്.<br>കൂടാതെ പോലീസ് വകുപ്പ് സംസ്ഥാന ഹൈവേകളിലും ദേശീയ ഹൈവേകളിലും മറ്റു റോഡുകളിലുമായി സ്ഥാപിച്ചിട്ടുള്ള 100 നിരീക്ഷണക്യാമറകൾ വഴി പ്രവർത്തന സജ്ജമാക്കിയിട്ടുള്ള സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സംവിധാനം മുഖാന്തിരം, വിവിധ വാഹനങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള വേഗതാപരിധി ലംഘിക്കുന്ന വാഹനങ്ങളെ കണ്ടെത്തുന്നു. ടി സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സംവിധാനത്തിൽ അമിത വേഗതയിൽ പോകുന്ന വാഹനങ്ങളുടെ ദൃശ്യങ്ങൾ പതിക്കുകയും ആ വാഹനങ്ങളുടെ ഉടമസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം നടപ്പിൽവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് | (ബി) | ഈ പ്രോജക്റ്റിന്റെ തുടർച്ചയായി മണ്ണുത്തി മുതൽ മഞ്ചേശ്വരം വരെ കേരള റോഡ് |

| | | | |
|---|---|---|---|
| | ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | | സേഫ്റ്റി അതോറിറ്റിയുടെ സഹകരണത്തോടെ ക്യാമറ സ്ഥാപിക്കുന്നതിനുള്ള കരാർ കെൽട്രോണിന് നൽകിക്കഴിഞ്ഞു. ഇതിന്റെ ജോലികൾ പൂർത്തീകരിച്ചുവരുന്നു.<br>കൂടാതെ മോട്ടോർവാഹന വകുപ്പിന്റെ 2013 - 2014 ലെ വാർഷികപദ്ധതി വിഹിതത്തിന്റെ ഭാഗമായി 73.28 ലക്ഷം രൂപ തൃശ്ശൂർ പാലക്കാട് ജില്ലകളിൽ ക്യാമറ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കി കൺട്രോൾ റൂമുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br>ആട്ടോമേഷൻ ഓഫ് എൻഫോഴ്സ്മെന്റ് വിംഗ് പ്രോജക്ടിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തുള്ള മൂന്ന് സ്ഥലങ്ങളിൽ (ടെക്നോപാർക്ക് ജംഗ്ഷൻ, ഓവർബ്രിഡ്ജ് ജംഗ്ഷൻ, കവടിയാർ ജംഗ്ഷൻ) ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ തിരുവനന്തപുരത്തുള്ള രണ്ട് സ്ഥലങ്ങളിലും കോഴിക്കോട്ടും, എറണാകുളത്തും 5 വീതം സ്ഥലങ്ങളിലും പദ്ധതി നടപ്പാക്കുന്നതിനുള്ള ജോലികൾ അവസാന ഘട്ടത്തിലാണ്.<br>ഇതിനുപരിയായി പോലീസ് വകുപ്പ് തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ ഹൈടെക് ട്രാഫിക് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂം സ്ഥാപിക്കുകയും അവിടെ നിന്ന് അയയ്ക്കുന്ന ചാർജ്ജ് മെമ്മോ പ്രകാരം പണം അടയ്ക്കുന്നതിനായി 14 ജില്ലകളിലും പേമെന്റ് കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇപ്രകാരം കണ്ടെത്തുന്ന വാഹന ഉടമകളിൽനിന്ന് പിഴ ഈടാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) | നിരീക്ഷണ ക്യാമറ വഴി കണ്ടെത്തുന്ന നിയമലംഘകരെ ചാർജ്ജ് മെമ്മോ നൽകി പിഴ ചുമത്തുകയും സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന്റെ ഏത് ഓഫീസിലും ഫീസ് അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഇ - പേയ്മെന്റ് വഴി അടയ്ക്കുന്നതിനുള്ള സോഫ്റ്റ് വെയർ സംവിധാനം ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | സംസ്ഥാന പോലീസ് വകുപ്പ്, വാഹന ഉടമകൾക്ക് പിഴ അടയ്ക്കുന്നതിനായി 14 ജില്ലകളിലായി 14 പേയ്മെന്റ് കളക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതു കൂടാതെ ഓൺലൈൻ ബാങ്ക് അക്കൗണ്ട് ഉള്ള വാഹനഉടമകൾക്ക് അത് വഴിയും ഡെബിറ്റ് കാർഡു വഴിയും പിഴ അടയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ വാഹനാപകടങ്ങളുടെ നിരക്ക് കുറയ്ക്കാൻ പുതിയ സംവിധാനം എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) | അപകട സാധ്യത കൂടുതലായുള്ള മേഖലകളിലും ട്രാഫിക് ജംഗ്ഷനുകളിലും നിയമ ലംഘനം കണ്ടുപിടിക്കുന്നതിന് ക്യാമറ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങൾ വഴി കണ്ടുപിടിക്കുന്ന നിയമലംഘനങ്ങൾ അതാതു കൺട്രോൾ റൂമുകളിൽ രേഖപ്പെടുത്തുകയും അവ പരിശോധിച്ച് നിയമലംഘകർക്ക് പിഴ ഒടുക്കുന്നതിനുള്ള നോട്ടീസ് നൽകുകയും ചെയ്യുന്നു. അങ്ങനെ നിയമ ലംഘനം കുറയ്ക്കുന്നതിനും അതിലൂടെ അപകടം കുറയ്ക്കുന്നതിനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ.